# സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ഈ വർഷം അമൃതോത്സവം എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഗാന്ധിയൻ കാലഘട്ടത്തിൽ നടന്ന സുപ്രധാന സംഭവങ്ങൾ പരിചയപ്പെടുത്തുന്നതിനും സ്വാതന്ത്ര്യസമരത്തോടുള്ള ആദരവ് വളർത്തുന്നതിനും അനേകം ആളുകളുടെ ത്യാഗത്തിന്റെ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യമെന്ന് തിരിച്ചറിയുന്നതിനും സ്വാതന്ത്ര്യം കാത്ത് സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിനും വേണ്ടിയാണ് അമൃത മഹോത്സവം കൊണ്ടാടുന്നത്. ഇതിന്റെ ഭാഗമായി ഗവൺമെന്റിന്റെ നേതൃത്വത്തിൽ സ്കൂളുകളിലും വീടുകളിലും നിരവധി പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

# 10-08-2022 സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ്

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ 'അമൃത മഹോത്സവം' എന്ന പരിപാടിക്ക് L.F.C.U.P. schoolൽ 10-8-2022 ന് സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പോടുകൂടെ തുടക്കമായി. പരിപാടിയിൽ ബഹു. ഹെഡ്മിസ്ട്രസ് സി. സിമി മരിയ സ്വാഗതം ആശംസിച്ചു. വാർഡ് കൗൺസിലർ ശ്രീമതി. ജോബി ഫ്രാൻസിസ് സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് ബാനറിൽ പതിപ്പിച്ചുകൊണ്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു. തുടർന്ന് PTA പ്രസിഡന്റ് ശ്രീ. K.C. സുനിൽ ആശംസകൾ അർപ്പിച്ചു. തുടർന്ന് ഹെഡ്മിസ്ട്രസും അധ്യാപക അനധ്യാപകരും പൂർവ്വ വിദ്യാർത്ഥിയായ ഫാ. പോൾ ടോമിയും വിദ്യാർത്ഥികളും കയ്യൊപ്പ് രേഖപ്പെടുത്തുകയുണ്ടായി. അന്നേ ദിവസം തന്നെ അമൃത മഹോത്സവത്തിനോടനുബന്ധിച്ച് ഗാന്ധിജി, നെഹ്റു തുടങ്ങിയ സ്വാതന്ത്ര്യ സമര സേനാനികളുടെയും സ്വാതന്ത്ര്യ സമര സംഭവങ്ങളുടെയും ചിത്രപ്രദർശനം നടത്തി. നിരവധി രക്ഷകർത്താക്കളും വിദ്യാർത്ഥികളും ഇതിൽ പങ്കെടുക്കുകയുണ്ടായി. അതിൽ തെരഞ്ഞെടുക്കപ്പെട്ട ചിത്രങ്ങൾക്ക് സ്വാതന്ത്ര്യ ദിനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യുകയുണ്ടായി.

## 11-08-2022 ഗാന്ധിമരം നടൽ

അമൃത മഹോത്സവത്തിന്റെ ഭാഗമായി നടത്തിയ ഗാന്ധിമരം നടൽ 11-8-2022 10.30 ന് നടത്തുകയുണ്ടായി. വാർഡ് കൗൺസിലർ ശ്രീമതി. ബേബി ഫ്രാൻസിസ്, PTA പ്രസിഡന്റ് K.C. സുനിൽ, H.M. സി. സിമി മരിയ എന്നിവർ ചേർന്ന് ഫലവൃക്ഷത്തൈ നട്ടുകൊണ്ട് നിർവഹിച്ചു. അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുക്കുകയുണ്ടായി. തുടർന്ന് ഗാന്ധിജിയുടെ മഹത്‌വചനങ്ങൾ എഴുതിയ പ്ലകാർഡുകൾ കൈകളിലേന്തി റാലി നടത്തുകയുണ്ടായി.

## 12-08-2022 ഭരണഘടന ആമുഖം വായന

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ അമൃത മഹോത്സവത്തിന്റെ ഭാഗമായി ഭരണഘടനയുടെ ആമുഖം വായന നടത്തുകയുണ്ടായി. 12-8-2022 ന് അസംബ്ലിയിൽ വെച്ച് സ്കൂൾ ലീഡർ കുമാരി പ്രിയംവദ. V. പ്രേമിപ് ഭരണഘടനയുടെ ആമുഖം കുട്ടികൾക്ക് ചൊല്ലി കൊടുത്തു. കുട്ടികൾ അത് ഏറ്റു ചൊല്ലി.

# 13-08-2022 പതാക ഉയർത്തൽ

അമൃത മഹോത്സവത്തിന്റെ ഭാഗമായി വീടുകൾ തോറും ത്രിവർണ്ണ പതാക ഉയർത്തണമെന്ന ആഹ്വാനം അനുസരിച്ച് എല്ലാ വിദ്യാർത്ഥികളുടെയും ഭവനങ്ങളിൽ ത്രിവർണ്ണ പതാക ഉയർത്തുകയുണ്ടായി. ഓരോ ക്ലാസിന്റെയും whatsapp ഗ്രൂപ്പിലേക്ക് കുട്ടികൾ വീടുകളിൽ പതാക ഉയർത്തിയതിന്റെ ചിത്രങ്ങൾ അയക്കുകയും അത് ഉപയോഗിച്ച് video തയ്യാറാക്കുകയും ചെയ്തു.